നമ്മുടെ തൊട്ടടുത്ത് ഇട തടവില്ലാതെ ഏററവും മഹത്തായ നിയമങ്ങൾ നടത്തപ്പെടുന്നു.

—തോറോ

മാതൃഭൂമി
സത്യം സമത്വം സ്വാതന്ത്ര്യം

1975 ജൂൺ 25 ബുധനാഴ്ച
ശകാബ്ദം 1897 ആഷാഢം 4
1150 മിഥുനം 11

സോപാധികമായ "സ്റ്റേ"

പ്രധാനമന്ത്രി ഇന്ദിരാഗാന്ധി അലഹബാദ് ഹൈക്കോടതി വിധിയിന്മേൽ ബോധിപ്പിച്ച അപ്പീലിനെ തുടർന്നു ജസ്റ്റിസ് കൃഷ്ണയ്യർ നൽകിയിരിക്കുന്ന ''സ്റ്റേ'' സോപാധികം മാത്രമാണ്. അദ്ദേഹം കീഴ്വഴക്കങ്ങളിൽ നിന്നു വ്യതിചലിച്ച ഒരു പുതിയ പാത തുറക്കാൻ തയ്യാറായില്ല. നിരുപാധികമായ ''സ്റ്റേ''യും സോപാധികമായതും തമ്മിൽ ഉള്ള അന്തരത്തെപ്പററിയുള്ള വാദം നിഴൽയുദ്ധമല്ലേ എന്നു ഇന്ദിരാഗാം വക്കീലന്മാരോടും ജസ്റ്റിസ് കൃഷ്ണയ്യർ ചോദിച്ചതിൽ നിന്നു അദ്ദേഹത്തിന്റെ മനസ്സ് ഏതിനെ പ്രവർത്തിക്കുന്നുവെന്നു ഏതുതരത്തിലുള്ളതാണെന്നു കാണാമായിരുന്നു. രണ്ടും തമ്മിലുള്ളന്തരം അത്ര സൂക്ഷ്മമാണെന്ന് അദ്ദേഹത്തിന്ന് അഭിപ്രായം ഉണ്ടായിരിക്കേ കീഴ്വഴക്കം വിധിക്കാൻ തയ്യാറാകാത്തതിൽ വിസ്മയിക്കാനില്ല.

'സ്റ്റേ'സ്സു നിശ്ചയിച്ചിരിക്കുന്ന ഉപാധികൾ, മെസർ എന്ന നിലയിൽ പാർലമെന്റ് നപേക്ഷികളിൽ പങ്കെടുക്കരുത്. യോഗ്യത ചെയ്യരുത്. വേതനം വാങ്ങരുത്. പാടില്ല എന്നു മാത്രമാണ്. അതാകട്ടെ ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയെന്ന നിലയിൽ നിർവ്വഹിക്കുന്നതിനെയും പാർലമെന്റിൽ പങ്കെടുക്കുന്നതിനെയും സാരമായി സ്പർശിക്കുന്നതല്ലതാനും. പാർലമെന്റിൽ വമ്പിച്ച ഭൂരിപക്ഷവും ആ ഭൂരിപക്ഷത്തിന്റെ ഏകയുപൂർവ്വമായ പിൻതുണയും ഉള്ള നിലയ്ക്ക് ഇന്ദിരാഗാന്ധിക്ക് രാഷ്ട്രത്തെ നയിക്കാൻ ഇതു പ്രതിബന്ധം സൃഷ്ടിക്കുന്നതല്ല.

'സ്റ്റേ' സോപാധികമായതുകൊണ്ട് രാജി വെക്കണമെന്നു ഇന്ദിരാഗാന്ധിയെ നിർബ്ബന്ധിക്കരുത്. അതിനർത്ഥമില്ല. ഇന്നവരുടെ നേതൃത്വം എന്നത്തേക്കാളും ഏറെ വേണം.

റബ്ബറും കൃത്രിമ റബ്ബറും

കൃത്രിമ റബ്ബറിന്റെ ഉല്പാദനശേഷിയും വൈവിദ്ധ്യവും വർദ്ധിപ്പിക്കുന്ന കാര്യം ഗൗരവമായി ചിന്തിച്ചുവരികയാണെന്നു മന്ത്രി മാളവീയ, റബ്ബർ സാധനങ്ങളുടെ നിർമ്മാതാക്കളോടു പറഞ്ഞിരിക്കുന്നു. പെട്രോളിയത്തിന്റെ പാർശ്വോല്പന്നമാണല്ലോ 'കൃത്രിമ'ത്തിനുള്ള ആധാരവസ്തു. ആ നിലയ്ക്ക് മന്ത്രി മാളവീയയുടെ അധികാരത്തിൽ പെട്ടതാണ് അത്.

ഇപ്പോഴത്തെന്നെ കൃത്രിമ റബ്ബർ ഉണ്ടാക്കുന്ന ഫാക്ടറി ബാറയിലിയിൽ പ്രവർത്തിക്കുന്നുണ്ട്. 72–73ൽ 21,600 ടൺ ഉല്പാദിപ്പിക്കയും ചെയ്തു. 71–72ൽ 33000 ടണ്ണായിരുന്നു കുറയാൻ കാരണം പെട്രോളിന്റെ ദൗർലഭ്യമായിരിക്കണം. ഇനിയും, പെട്രോൾ സുലഭമാകുന്ന ലക്ഷണമൊന്നുമില്ല. വില കുറയുന്ന മട്ടുമില്ല.

കൃത്രിമ റബ്ബറിന്ന് സ്വാഭാവിക റബ്ബറിന്റേതല്ലാത്ത മേഖലകൾ ഉണ്ടായിരിക്കാം. അങ്ങിനെയുള്ള പരിമിത മേഖലകൾക്കുവേണ്ടിയല്ലാതെ, സ്വാഭാവിക റബ്ബറിന്റെ വില കുറക്കാനായി കൃത്രിമ റബ്ബറിന്റെ ഉല്പാദനം വർദ്ധിപ്പിക്കണമെന്ന് പറയുന്നത് നമ്മുടെ 'പ്ലാനിങ്ങിന്റെ' സവിശേഷതയായിരിക്കും. താളം തെററിക്കലും തകരാർ സൃഷ്ടിക്കലും ആവിരിക്കണമെന്നില്ലല്ലോ പ്ലാനിങ്ങിന്റെ സ്ഥിരം ലക്ഷ്യം!

പ്ലാനിങ്ങിന്റെ ഫലമായി നടന്ന പ്രചാരണത്തിന്റേയും പ്രോത്സാഹനത്തിന്റേയും ഫലമായി 1956–ൽ 84,000 ഹെക്ടറിനു താഴെ മാത്രമുണ്ടായിരുന്ന റബ്ബർ കൃഷി 74 ആയപ്പോഴേക്ക് 2 ലക്ഷത്തിനുപരം ആയി വർദ്ധിച്ചു. ഇതിൽ ചെന്നു പെട്ടിരിക്കുന്നവർ 96 ശതമാനവും കേരളീയരാണ്. തെങ്ങിനും കമുകിനും മരച്ചീനിക്കും എല്ലാം ഉള്ള ഭൂമിയാണ് റബ്ബറിനു ഉപയോഗിച്ചത്. കൃഷിക്കാരിൽ 94 ശതമാനത്തോളം വരുന്നവർ 4 ഹെക്ടറിനു താഴേയുള്ളവരാണ്. ചെറിയവരിൽ ചെറിയവർ എന്നുപറയേണ്ടുന്നവരാണ്. ആ നിലയ്ക്ക്, എല്ലാ പ്രോത്സാഹനവും കൊടുത്തു വളർത്തിയെടുത്ത അവരെ വെള്ളത്തിലാക്കുന്ന പരിപാടിയുമായി പുറപ്പെടുന്നതു ശരിയല്ല;—ശരിയല്ലാതെയും ആലോചനയില്ലാതേയും ചെയ്യുന്നതു നമ്മുടെ പതിവും പ്രാനമാണെങ്കിലും.

ഞങ്ങൾ ആവർത്തിച്ചു ചൂണ്ടിക്കാണിക്കാറുള്ളതുപോലെ, സോഷ്യലിസം പ്രസംഗിക്കുന്നവരും കമ്യൂണിസം പ്രചരിപ്പിക്കുന്നവരും എല്ലാം വ്യാവസായിക സംസ്കാരത്തിന്റെ 'നഗരികതയെ' പ്രതിനിധികളാണ്. അവരുടെ മനസ്സിന്റെ ഗുരുത്വാകർഷണ കേന്ദ്രം വ്യവസായമേഖലയാണ്—കാർഷിക മേഖലയല്ല. പണവും സമൃദ്ധിയും പ്രതാപവും വ്യാവസായിക മേഖലക്കും പട്ടിണിയും പരിവട്ടവും കാർഷികമേഖലക്കും—അതാണല്ലോ വിധി!

ഇന്നത്തെ സ്ഥിതിഗതികളുടെ പിന്നിലുള്ള മാനസിക ഘടന ഇതുതന്നെയല്ലേ എന്നു ഞങ്ങൾ ശങ്കിക്കുന്നു. അല്ലാതെ റബ്ബർ ഉല്പാദനത്തിന്റെ അപര്യാപ്തതയാണ് കാരണമെന്നു ഞങ്ങൾക്കു തോന്നുന്നില്ല. റബ്ബർ കയറ്റുമതി ചെയ്യുന്ന കാര്യമാണല്ലോ മന്ത്രി എ. സി. ജോർജ്ജ് പ്രസംഗിച്ചു നടന്നത്.—ഇറക്കുമതി ചെയ്യുന്നതല്ല. ആവശ്യം കവിഞ്ഞുള്ളതായിരിക്കണമല്ലോ കയറ്റുമതിചെയ്യുന്നതു്. അപ്പോൾ കൃത്രിമത്തിനു പോകുന്നതു 'സ്വാഭാവികം' ഇല്ലാഞ്ഞിട്ടാണെന്നു പറഞ്ഞുകൂടാ; ഒരു പക്ഷേ, കൃത്രിമം തന്നെ സ്വാഭാവികമായിത്തീരുന്ന മനോഗതിയായേക്കാം മൂലകാരണം.

തിരഞ്ഞെടുപ്പ് നീട്ടും; ഇല്ല: പ്രതിപക്ഷ നേതാക്കൾ

കൊച്ചി, ജൂൺ 24—കേരളത്തിലെ തിരഞ്ഞെടുപ്പ് നീട്ടിവെക്കണോ പ്രതിപക്ഷമുന്നണിയിലെ പ്രബലമായ രണ്ട് കക്ഷിയിലെ നേതാക്കൾക്കു ഇതേപ്പററി ഭിന്നാഭിപ്രായമാണ്.

സ്വീകരിക്കേണ്ടസ്ഥാനം രാജിവെച്ചു മൊയ്തീൻകുട്ടിഹാജിക്ക് സ്വീകരണം നൽകുന്നതിനും പ്രതിപക്ഷ മുന്നണിയുടെ നയവിശദീകരണത്തിനും വേണ്ടി തിങ്കളാഴ്ച ഇവിടെ ചേർന്ന യോഗത്തിലാണ് നേതാക്കൾ ഇങ്ങിനെ ഭിന്നാഭിപ്രായം രേഖപ്പെടുത്തിയത്.

തിരഞ്ഞെടുപ്പ് യാതൊരു കാരണവശാലും നീട്ടിവെക്കില്ലെന്നാണ് കേരള കോൺ. പ്രസിഡന്റ് കെ. എം. ജോർജ്ജിന്റെ ഉറച്ച വിശ്വാസം. എന്നാൽ തിരഞ്ഞെടുപ്പ് നീട്ടിവെക്കണമെന്നാണ് ഇ. എം. എസ്.ന്റെ അഭിപ്രായം. 'തിരുമേനി സംശയിക്കേണ്ട, തിരഞ്ഞെടുപ്പ് നീട്ടിവെക്കുകയില്ല'' ഇ. എം. എസ്.ന്റെ നേരെ തിരിഞ്ഞുകൊണ്ട് കെ. എം. ജോർജ്ജ് പറഞ്ഞു.

അധികാരത്തിമിരത്തോടെ കൊണ്ട് തിരഞ്ഞെടുപ്പിനെ നേരിടുന്നതുകൊണ്ട് ഉള്ള നേട്ടങ്ങൾ വേണ്ടെന്നു വെക്കാൻ ഭരണകക്ഷി തയ്യാറാകില്ലെന്നാണ് ജോർജ്ജിന്റെ അഭിപ്രായം.

തിരുവനന്തപുരം പാർലമെണ്ടു സീറ്റിലെ ഉപതിരഞ്ഞെടുപ്പ് ഇന്നുവരെ നടത്താൻ തയ്യാറാകാത്ത കോൺഗ്രസ്സ് കേരളത്തിൽ സമയത്ത് തന്നെ തിരഞ്ഞെടുപ്പ് നടത്തുമെന്ന കാര്യത്തിൽ ഇ. എം. എസ്.ന്നു വിശ്വാസമില്ല. പക്ഷേ തിരഞ്ഞെടുപ്പ് ഏപ്പോൾ നടന്നാലും അതിനെ നേരിടാൻ പ്രതിപക്ഷ മുന്നണി തയ്യാറാണെന്ന് അദ്ദേഹം വ്യക്തമാക്കി. അതിനുള്ള തെയ്യാറെടുപ്പാണ് ഇപ്പോൾ ഞങ്ങൾ നടത്തുന്നത്.

ഗുജറാത്തിനേക്കാൾ കനത്ത പരാജയം കോൺഗ്രസ്സിനേല്ക്കാൻ അത്രനിമിഷമേതെന്ന് ഞങ്ങൾ നോക്കി ഇരിക്കയാണ്—അദ്ദേഹം പറഞ്ഞു.

ഇന്ദിരാഗാന്ധിയുടെ തിരഞ്ഞെടുപ്പ് വിധിയെ പരാമർശിച്ചുകൊണ്ട് അതേപ്പററി സുപ്രീംകോർട്ടു് എന്ത് വിധിച്ചാലും അത് അവസാന വിധിയല്ലെന്ന് ഇ.എം. എസ്. പറഞ്ഞു. അവസാന വിധി ജനവിധിയാണ്. പക്ഷെ ജനവിധിയെന്നു വിവക്ഷിക്കുന്നത് ഡൽഹിയിൽ ഈയിടെ നടന്ന 'മാമാങ്ക'മല്ല അതിലും വലുത് ഗുജറാത്തിലെ വിധിയായിരുന്നു.

മൊയ്തീൻകുട്ടിഹാജിയുടെ സ്വീകരണത്തോടനുബന്ധിച്ചായിരുന്നു യോഗം. സംഘടിപ്പിച്ചിരുന്നതെങ്കിലും അസുഖം മൂലം അദ്ദേഹത്തിന്നു പങ്കെടുക്കാൻ കഴിഞ്ഞില്ല.

യോഗത്തിൽ എറണാകുളം ജില്ലാ പ്രതിപക്ഷ സമര സമിതി കൺവീനർ എം. എം. ലോറൻസ് അധ്യക്ഷതവഹിച്ചു. വീരേന്ദ്രകുമാർ, ഹമീദലി ഷംനാട്, ജോൺമാഞ്ഞൂരാൻ, ഫാ. വടക്കൻ എന്നിവർ പ്രസംഗിച്ചു.

പോരാ മാൻവേട്ടം സ്വാഗതം പറഞ്ഞു.

—സ്വ. ലേ.

സൗജന്യ റേഷൻ നൽകാൻ ശുപാർശ

കോഴിക്കോട്—ജില്ലയിൽ വെള്ളപ്പൊക്ക ദുരിതമനുഭവിക്കുന്നവർക്കു മാത്രമുള്ള സൗജന്യറേഷൻ അനുവദിക്കാൻ അധികൃതർ ഗവർമ്മേണ്ടിലേക്കു ശുപാർശ ചെയ്യുന്നതായി അറിയുന്നു.

കോഴിക്കോട് കടൽ വളരെ ക്ഷോഭിച്ചിട്ടുണ്ട്. മത്സ്യബന്ധനത്തിന്നായി തോണികളൊന്നും കടലിൽ ഇറങ്ങിയിട്ടില്ല.

ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സഹകരിക്കുക

വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സജീവമായി സഹകരിക്കാൻ ഉജ്ജാഹിട്ട്, സ്റ്റുഡന്റ്സ് ഡെവ്മെന്റ് സംസ്ഥാന നിർവ്വാഹകസമിതിയോഗം വിദ്യാർത്ഥികളോട് അഭ്യർത്ഥിച്ചു. അടിയന്തിര ദുരിതാശ്വാസ നടപടികൾ സ്വീകരിക്കണമെന്നും യോഗം ഗവർമ്മെണ്ടിനോടു് ആവശ്യപ്പെട്ടു.

പ്രസിഡണ്ടു് അബു ഒളവണ്ണ അദ്ധ്യക്ഷം വഹിച്ചു. ജനറൽ സിക്രട്ടറി അബു ബക്കർ ഇരിവേറി അവതരിപ്പിച്ച റിപ്പോർട്ട് യോഗം പാസ്സാക്കി. കെ.എം.എ. റഷീദ് സി. കെ. ഉമ്മർ, പി. ഹാറൂൺ, എം. കെ. ഇബ്രാഹിം, ഡോ. വി. കുഞ്ഞഹമ്മദ് കുട്ടി എന്നിവർ പ്രസംഗിച്ചു.

കടൽക്ഷോഭമൂലം നിത്യഭാരിദ്ര്യത്തിൽ കഴിയുന്ന മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ നൽകണമെന്നും മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് സൗജന്യമായി പാഠപുസ്തകങ്ങൾ വിതരണം ചെയ്യണമെന്നും ഭാരതീയ ജനസംഘം 16–ാം ഡിവിഷൻ കാമ്പസ് സ്ഥാനീയ സമിതി യോഗം അഭ്യർത്ഥിച്ചു. തെങ്ങിൽ ലക്ഷ്മണൻ ആദ്ധ്യക്ഷ്യം വഹിച്ചു.

പുതിയപാലം, വെള്ളിഞ്ഞേരി, ചെമ്പോംതാഴം തുടങ്ങിയ താഴ്ന്ന പ്രദേശങ്ങളിൽ നിന്നും മാററി താമസിപ്പിച്ച വർക്ക് വൈദ്യ സഹായവും മററും ഏർപ്പെടുത്തണമെന്നു് ഭാരതീയ ജനസംഘം ചാലപ്പുറം മണ്ഡലം യോഗം അഭ്യർത്ഥിച്ചു. കൺവീനർ കെ. രാധാകൃഷ്ണൻ ആദ്ധ്യക്ഷ്യം വഹിച്ചു.

സാമൂഹ്യസംഘടനകൾ മുന്നോട്ടു വരണം

വെള്ളപ്പൊക്കം കാരണം കഷ്ടതയനുഭവിക്കുന്ന ആയിരക്കണക്കിന്ന് ജനങ്ങളെ സഹായിക്കുന്നതിന്ന് നഗരത്തിലെ സാമൂഹ്യസേവന സംഘടനകൾ മുന്നോട്ടുവരണമെന്ന് ശ്രീ പി. വി. ശങ്കരനാരായണൻ എം. എൽ.എ. ആവശ്യപ്പെട്ടു.

എരഞ്ഞിക്കൽ—യേങ്കരമായ വെള്ളപ്പൊക്കംമൂലം എരഞ്ഞിക്കൽ, പുത്തൂർ, മുകുന്ദ്ര് പെരുന്തിരുത്തി എന്നീ താഴ്ന്ന പ്രദേശങ്ങളിലെ അൻപതോളം കുടുംബങ്ങളെ സമീപത്തുള്ള കാറന്തൂർ യു. പി. സ്കൂൾ പൂട്ടാക്കണ്ട് സ്കൂൾ എരഞ്ഞിക്കൽ ജി.എൽ.പി. സ്കൂൾ, മുകുന്ദ്ര് എൽ.പി. സ്കൂൾ, പെരുന്തിരുത്തി എൽ.പി. സ്കൂൾ എന്നിവിടങ്ങളിലേക്ക് മാററിപാർപ്പിച്ചിരിക്കുന്നു.

ദുരിതബാധിത പ്രദേശമാക്കണം

എരഞ്ഞിക്കൽ—എരഞ്ഞിക്കൽ മുകുന്ദ്ര് പുത്തൂർ പെരുന്തിരുത്തി എന്നീ സ്ഥലങ്ങളിലെ വെള്ളപ്പൊക്കംമൂലം മാററി പാർപ്പിക്കപ്പെട്ട കുടുംബങ്ങൾ അങ്ങേയററം കഷ്ടതയനുഭവിക്കുകയാണ്. ഇവിടങ്ങൾ ദുരിത ബാധിത പ്രദേശങ്ങളായി പ്രഖ്യാപിക്കണമെന്നു എലത്തൂർമണ്ഡലം കോൺഗ്രസ്സ് കമ്മിററി അധികൃതരോടഭ്യർത്ഥിച്ചു. എലത്തൂർ പഞ്ചായത്തിലെ താഴ്ന്ന പ്രദേശങ്ങളിൽ താമസിക്കുന്ന പാവപ്പെട്ട ചീകരി തൊഴിലാളികൾക്ക് ഉടൻ സൌജന്യ റേഷൻ അനുവദിക്കണമെന്നു് ഇന്ത്യൻ കമ്യൂ. പാർട്ടി എരഞ്ഞിക്കൽ ബ്രാഞ്ചു് മൂലം അധികൃതരോടഭ്യർത്ഥിച്ചു. —സ്വ. ലേ.

60 വീട്ടുകാരെ മാററിതാമസിപ്പിച്ചു

ചേളന്നൂർ കുറച്ചുദിവസമായുള്ള കനത്ത മഴയുടെ കാരണമായി കക്കോടി പഞ്ചായത്തിൽ 60 വീട്ടുകാരെ മാററി താമസിപ്പിച്ചിരിക്കുന്നു. ഇനിയും ഒട്ടേറെ വീട്ടുകാരെ കൂടി ഉടനെ മാററി താമസിപ്പിക്കേണ്ടിവരുന്നതാണ്.

ചേളന്നൂർ പഞ്ചായത്തിൽ പടിഞ്ഞാറുഭാഗത്തുള്ള താഴ്ന്ന പ്രദേശങ്ങളിൽനിന്ന് ആളുകൾ അടുത്ത വീടുകളിലേക്ക് മാറിത്താമസിച്ചു തുടങ്ങി.

സഹായമെത്തിക്കണം

കോഴിക്കോട്—അതിവർഷവും വെള്ളപ്പൊക്കവും നിമിത്തം ജില്ലയിൽ പലഭാഗത്തും കനത്ത നാശനഷ്ടങ്ങൾ സംഭവിച്ചവർക്കും വീടുകൾ നഷ്ടപ്പെട്ടവർക്കും അടിയന്തിര സഹായമെത്തിക്കാൻ സംഘടനാ കോൺഗ്രസ്സ് ഡി. സി. സി. അംഗങ്ങളുടേയും ബ്ലോക്ക് പ്രസി

ന്റും വ്യവസായമേഖലയാണ്—കാർഷിക മേഖലയല്ല. പണവും സമൃദ്ധിയും പ്രതാപവും വ്യാവസായിക മേഖലക്കും പട്ടിണിയും പരിവട്ടവും കാർഷികമേഖലക്കും—അതാണല്ലോ വിധി!

ഇന്നത്തെ സ്ഥിതിഗതികളുടെ പിന്നിലുള്ള മാനസിക ഘടന ഇതുതന്നെയല്ലേ എന്നു ഞങ്ങൾ ശങ്കിക്കുന്നു. അല്ലാതെ റബ്ബർ ഉല്പാദനത്തിന്റെ അപര്യാപ്തതയാണ് കാരണമെന്നു ഞങ്ങൾക്കു തോന്നുന്നില്ല. റബ്ബർ കയറ്റുമതി ചെയ്യുന്ന കാര്യമാണല്ലോ മന്ത്രി എ. സി. ജോർജ്ജ് പ്രസംഗിച്ചു നടന്നത്.—ഇറക്കുമതി ചെയ്യുന്നതല്ല. ആവശ്യം കവിഞ്ഞുള്ളതായിരിക്കണമല്ലോ കയറ്റുമതിചെയ്യുന്നതു്. അപ്പോൾ കൃത്രിമത്തിനു പോകുന്നതു 'സ്വാഭാവികം' ഇല്ലാഞ്ഞിട്ടാണെന്നു പറഞ്ഞുകൂടാ; ഒരു പക്ഷേ, കൃത്രിമം തന്നെ സ്വാഭാവികമായിത്തീരുന്ന മനോഗതിയായേക്കാം മൂലകാരണം.

നല്ല കൃഷിഫലം: മുഖ്യമന്ത്രിക്ക് നല്ല കാലം!

കോഴിക്കോട്, ജൂൺ 24—കനത്ത മഴ, കൃഷി വിനാശമുണ്ടാക്കി—ഇതാണ് ജൂൺ, ജൂലായ് മാസങ്ങളിൽ കേരളത്തിന്റെ ജാതകഫലം!

കഴിഞ്ഞ ആറു ദിവസമായി ചന്ദ്രഗ്രഹം കർക്കിടക രാശിയിലേക്കു കടന്നതു കാരണം കേരളത്തിൽ ഒരു മാസക്കാലം—പ്രത്യേകിച്ചും ജൂൺ, ജൂലായ്—കനത്ത മഴയുണ്ടാകുമെന്നു സംഖ്യാജ്യോതിഷി ആർ. നാരായണൻ പ്രവചിക്കുന്നു. നാളികേരം, കരുമുളക്, കാപ്പി, ചായ, നെല്ല് എന്നിവ നല്ല വിള നൽകും. കേരളത്തിന്റെ നില ഗണ്യമായി മെച്ചപ്പെടും.

1976 ഒക്ടോബർവരെ മുഖ്യമന്ത്രി അച്യുതമേനോനു നല്ല കാലമാണ്! —സ്വാ. ദി.

ആക്ഷേപങ്ങളും അഭിപ്രായങ്ങളും

ഫിഷറീസ് കോർപറേഷന്റെ പ്രവർത്തനം ലാഭകരമാക്കിത്തീർക്കാനാവില്ലേ?

ഇക്കഴിഞ്ഞ വർഷം ചില മാററങ്ങളും പരിഷ്ക്കാരങ്ങളും മററും വരുത്തി ടാൻസ്കോർട്ട് കോർപ്പറേഷനെ തകർച്ചയിൽനിന്നു രക്ഷിയ്ക്കാൻ മാത്രമല്ല ലാഭകരമാക്കിത്തീർക്കാനും അധികൃതർക്കു സാധിച്ചു. ഇതേ പരീക്ഷണം നമ്മുത്തിൽ മുങ്ങാൻ പോകുന്ന കേരള ഫിഷറീസ് കോർപ്പറേഷനിലും നടത്തി നോക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

കേരള ഫിഷറീസ് കോർപ്പറേഷന്റെ ചരിത്രത്തിൽ അതു എപ്പോഴെങ്കിലും ലാഭത്തിൽ നടന്നതായി അറിവില്ല. നഷ്ടം ഗുരുതരാവസ്ഥയിൽ എത്തിയതിന്റെ ഫലമായി കോർപ്പറേഷനിലെ ചില വിഭാഗങ്ങൾ നിർത്തലാക്കാൻ അധികൃതർ നിർബ്ബന്ധിതരാവുകയും 28 പേരെ ജോലിയിൽ നിന്നുപിരിച്ചുവിടുകയും ചെയ്തിരിക്കുന്നു. കോർപ്പറേഷനെ ഇത്തരത്തിൽ നാശത്തിന്റെ വക്കത്തെത്തിച്ചതിന്റെ കാരണക്കാർ ഈ പാവപ്പെട്ട തൊഴിലാളികളല്ല തീർച്ച. മററു ഏതു പൊതു സ്ഥാപനങ്ങളേക്കാൾ കൂടുതൽ ലാഭം ഉണ്ടാക്കാവുന്ന ഒന്നാണ് ഫിഷറീസ് കോർപ്പറേഷൻ. എന്നാൽ കേരള ഫിഷറീസ് കോർപ്പറേഷൻ ഇഞ്ചിഞ്ചായി നശിക്കാനുള്ള കാരണം മാനേജ്മെൻറിന്റെ കൊള്ളരുതായ്കയും ഉദ്യോഗസ്ഥന്മാരുടേയും കേരള സർക്കാറിന്റെയും കുററകരമായ അനാസ്ഥയുമാണ് എന്നതിൽ സംശയമില്ല. കോർപറേഷന്റെ വിദേശമാർക്കററ് എങ്ങനെ നഷ്ടപ്പെട്ടു? ആർ നഷ്ടപ്പെടുത്തി? ഇവിടെ സ്വകാര്യ മേഖലയിൽ എത്ര യെത്ര സ്ഥാപനങ്ങൾ വിദേശ മത്സ്യമാർക്കററിലുടെ ലക്ഷക്കണക്കിന്നു രൂപ വാരി കൂട്ടുന്നുണ്ട്? കോർപ്പറേഷന്റെ നല്ല ചരക്കുകൾ കൈമാറി സ്വകാര്യ ഉടമകളുടെ ചീത്ത ചരക്കുകൾ കോർപ്പറേഷന്റെ പേരിൽ വിദേശത്തേക്കു അയച്ചതായിപോലും ആക്ഷേപമുണ്ടായിരുന്നു. വിദേശവിപണിയിൽ കോർപ്പറേഷന്റെ ചരക്കിന്നു പ്രിയം കുറയാനിടയായതും അതുകൊണ്ടാണത്രേ. സ്ഥിതിഗതികൾ ഇങ്ങിനെയെല്ലാമിരിക്കെ നഷ്ടത്തിന്റെ പേരിൽ പാവപ്പെട്ട തൊഴിലാളികളെ പിരിച്ചുവിടാതെന്നെ ഈ രംഗത്തു പ്രവർത്തിക്കുന്ന സ്വകാര്യ ഉടമകളുടെ മേൽ അല്ലം നിയന്ത്രണം ഏർപ്പെടുത്തുകയോ മററോ ചെയ്തു കോർപ്പറേഷന്റെ പ്രവർത്തനം ലാഭകരമാക്കിത്തീർക്കാവുന്നതാണ്.

നഷ്ടപ്പെട്ടുപോയ വിദേശമാർക്കററുകൾ വീണ്ടെടുക്കുകയും അതിനുവേണ്ട എല്ലാ സഹായവും കേരള സർക്കാർ ചെയ്തു കൊടുക്കുകയും ചെയ്യുന്നപക്ഷം കോർപ്പറേഷനു ഇനിയും രക്ഷ കിട്ടിയേയ്ക്കാം. ഇതോടൊപ്പം കോർപ്പറേഷന്റെ പ്രവർത്തനത്തിൽ ആവശ്യമായ മാററങ്ങൾ വരുത്തുകയും വേണം. സ്ഥാപനത്തിനു ഗുണമെന്നു തോന്നുന്ന ഏതു നടപടിയും കാലോചിതമായി സ്വീകരിക്കാൻ അതതു പ്രദേശങ്ങളിലുള്ള ഉദ്യോഗസ്ഥന്മാർക്കു അധികാരമുണ്ടായിരിക്കണം. തിരുവനന്തപുരത്തു നിന്നു നിർദ്ദേശം കിട്ടാൻ കോഴിക്കോട്ടും കണ്ണൂരും ഉള്ളവർ കാത്തിരിക്കുന്ന സമ്പ്രദായം മാററിയേ തീരൂ. ദൈനംദിന ബിസിനസ്സ് സംബന്ധിച്ചുള്ള തീരുമാനങ്ങളും നിർദ്ദേശങ്ങളും എടുക്കാൻ അതതു മാനേജർമാർക്കു അധികാരമുണ്ടായിരിക്കേണ്ടതാണ്.

ടാൻസ്കോർട്ട് കോർപ്പറേഷനിൽ ചെയ്തതുപോലെ ഫിഷറീസ് കോർപ്പറേഷനിലും ഇത്തരം ചില പരിഷ്ക്കാരങ്ങൾ കൊണ്ട് സ്ഥാപനത്തിന്റെ നഷ്ടം പരിഹരിയ്ക്കാനും ക്രമേണ ലാഭമുണ്ടാക്കാനും കഴിഞ്ഞേയ്ക്കും. പിരിച്ചുവിട്ട പാവപ്പെട്ട തൊഴിലാളികൾക്കു വീണ്ടും ജോലി കൊടുക്കാൻ ഇതുമൂലം അധികൃതർക്കു കഴിയുകയും ചെയ്യും.

—എ. അഹമ്മദുകുട്ടി,
കടലുണ്ടി നഗരം.

ആനന്ദിക്കുന്നു

പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയ്ക്കെതിരായ അലഹബാദ് ഹൈക്കോടതി വിധിയും ബന്ധപ്പെട്ട വാർത്തകളും ഒരു ദിനപത്രത്തിന്നു് തിക്കച്ചും അനുയോജ്യമായ വിധത്തിലും മററു ദിനപത്രങ്ങൾക്ക് മാതൃകയാകുന്ന വിധത്തിലും ഉയർന്ന മാനദണ്ഡങ്ങൾ പുലർത്തിയും കേവലം നിഷ്പക്ഷമായും ''മാതൃഭൂമി'' പ്രസിദ്ധീകരിച്ച കണ്ടതിൽ ഞാൻ ആനന്ദിയ്ക്കുന്നു—ഇതു തുടർന്നു പോകട്ടെന്നും ആശിയ്ക്കുട്ടെ.

എന്തുതന്നെയായാലും ഒരു പ്രമുഖ ഇംഗ്ലീഷ്പത്രം മുഖപ്രസംഗത്തിൽ പറഞ്ഞതു പോലെ അലഹബാദ് ഹൈക്കോടതി വിധി ''അവതരിച്ച ചരമക്കുറിപ്പ്'' ആയിരുന്നില്ലല്ലോ?

—കെ. ബി. യു. കൃഷ്ണൻ
കോഴിക്കോട്.

മോഷണക്കേസ്സുകൾ ഒത്തുതീരുകയോ?

നിലമ്പൂർ ചന്തക്കുന്ന് ഭാഗത്ത് ഏതാനും ദിവസം മുമ്പ് ഒരു കളവ്കേസ്സ് നടന്നു. ഓട്ട് നീക്കി അകത്തു കടന്ന് ഉറങ്ങിക്കിടക്കുന്ന കുട്ടിയുടെ കഴുത്തിൽനിന്നും ചെയിൻ പൊട്ടിച്ചെടുത്താണ് മോഷണം, നടത്തിയതു്. പോലീസിന്റെ അന്വേഷണത്തിൽ മോഷ്ടാവിനേയും മോഷണ സാധനവും പിടിക്കപ്പെട്ടു. ഇപ്പോൾ കേസുക്കണ്ടു, കേസ്സ് ഒത്തുതീർന്നെന്നു്. മോഷണ കേസ്സ് ഒതുക്കിത്തീർക്കുവാൻ പോലീസിന്നു് ആര് അധികാരം നൽകി?

—ചെറുവട്ടൂര് ബാലകൃഷ്ണൻ,
നിലമ്പൂർ

സ്വത്തിനും ജീവനും രക്ഷയില്ല?

ബാങ്കുകളിൽ ഗോരിപാളയും കള്ളന്മാരുടേയും റൌഡികളുടേയും സൈരവിഹാരരംഗമായി തീർന്നിരിക്കുകയാണിപ്പോൾ. അവരുടെ ഭീഷണികളാൽ സാധുജനങ്ങൾക്കു് രക്ഷയില്ലാതായിട്ടുണ്ട്. പോലീസുകാരുടെ മൗനമവലംബിക്കുന്നു.

ഒരു കൊല്ലം മുമ്പ് ഗോരി പാളയത്തുള്ള ഒരു മലയാളിയുടെ കടയിൽ

ഗവ. സ്കൂൾ പാർട്ട് ടൈം കണ്ടിൻജൻസി ക്കാർ സമരത്തിലേക്ക്

കോട്ടയം, ജൂൺ 24— കേരളത്തിലെ അയ്യായിരത്തോളം വരുന്ന ഗവർമ്മെണ്ട് സ്കൂൾ പാർട്ട്ടൈം കണ്ടിൻജൻസി ജീവനക്കാരുടെ അടിയന്തിര പ്രശ്നങ്ങൾ നേടിയെടുക്കുന്നതിനു ജൂൺ 26–ാംനു പ്രത്യക്ഷ സമരം ആരംഭിക്കുന്നതാണെന്നു ഗവർമ്മെണ്ട് സ്കൂൾ പാർട്ട്ടൈം കണ്ടിൻജൻസി എംപ്ലോയീസ് അസോസിയേഷൻ പ്രസിഡണ്ട് പി. കെ. ബാലകൃഷ്ണ പിള്ള ഇവിടെ ഒരു പത്ര സമ്മേളനത്തിൽ വെളിപ്പെടുത്തി.

സമരത്തിന്റെ ആദ്യഘട്ടമായി ജൂൺ 26–ാംനു മുതൽ അസോസിയേഷൻ പ്രസിഡണ്ട് വിദ്യാഭ്യാസ മന്ത്രിയുടെ ഔദ്യോഗിക വസതിക്കു മുന്നിലും കോട്ടയം ജില്ലാ പ്രസിഡണ്ട് കെ. ദിവാകരൻ വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസ് പടിക്കലും അനിശ്ചിതകാലത്തേക്കു നിരാഹാര സത്യാഗ്രഹം അനുഷ്ഠിക്കും. —സ്വ. ലേ.

ഭാഗ്യക്കുറിയുടെ ഒന്നാം സമ്മാനം തൃശൂരിൽ

തൃശ്ശൂർ, ജൂൺ 24—ജൂൺ 18–ാംനു ബുധനാഴ്ച നറുക്കെടുപ്പു നടന്ന കേരള ഗവർമ്മെണ